# കേരകർഷക സംഗമവും നീര സംവാദവും കണ്ണൂരിൽ

കൊച്ചി: തേജസ്വിനി നാളികേര ഉത്പാദക കമ്പനിയുടെ ആഭിമുഖ്യത്തിൽ നാളെ രാവിലെ ഒൻപതു മുതൽ കണ്ണൂർ ചെറുപുഴ ജെഎം യുപി സ്കൂളിൽ കേരകർഷക സംഗമവും 'നീരയുടെ സാധ്യതകൾ' എന്ന വിഷയത്തെ ആസ്പദമാക്കി സംവാദവും സംഘടിപ്പിക്കുന്നു.

ഗ്രാമവികസന മന്ത്രി കെ.സി. ജോസഫ് പരിപാടി ഉദ്ഘാടനം ചെയ്യും. സി. കൃഷ്ണൻ എംഎൽഎ അധ്യക്ഷത വഹിക്കും. നാളികേര വികസന ബോർഡ് ചെയർമാൻ ടി.കെ. ജോസ് മുഖ്യപ്രഭാഷണം നടത്തും. തേജസ്വിനി നാളികേര ഉത്പാദക കമ്പനിയെക്കുറിച്ചു പ്രസിഡന്റ് സണ്ണി ജോർജ് ഇളംതുരുത്തിൽ വിശദീകരിക്കും. ചങ്ങാതിക്കൂട്ടം ട്രെയിനിംഗ് സെന്ററിന്റെ ഉദ്ഘാടനം പെരിങ്ങോംവയക്കര പഞ്ചായത്ത് പ്രസിഡന്റ് പി.വി. തമ്പാൻ നിർവഹിക്കും. ജില്ലാ വ്യവസായ വകുപ്പ് ജനറൽ മാനേജർ കെ.എൻ. കൃഷ്ണകുമാർ കമ്പനിയുടെ വെബ്സൈറ്റ് ഉദ്ഘാടനം ചെയ്യും. നബാർഡ് എജിഎം പി. ദിനേശ് കമ്പനിയുടെ ഷെയർ വിതരണം ഉദ്ഘാടനം ചെയ്യും. ജില്ലാ കൃഷി ഡെപ്യൂട്ടി ഡയറക്ടർ പി.സി. ധനരാജ് ലോഗോ പ്രകാശനം ചെയ്യും.

യന്ത്രവത്കൃത ചകിരി വ്യവസായ സഹകരണ സംഘത്തെക്കുറിച്ച് കണ്ണൂർ ജില്ലാ കയർ പ്രൊജക്ട് ഓഫീസർ കെ. സുരേന്ദ്രനാഥും ജൈവ ഉത്പന്നങ്ങളുടെ സാധ്യതയെ സംബന്ധിച്ച് ഇൻഡോസെർട് എക്സിക്യൂട്ടീവ് ഡയറക്ടർ മാത്യു സെബാസ്റ്റ്യനും വിഷയാവതരണം നടത്തും. നീരയുടെ സാധ്യതകൾ എന്ന വിഷയത്തിൽ നടക്കുന്ന സംവാദം നീര ഉന്നതാധികാര സമിതി കർഷക പ്രതിനിധി ബാബു ജോസഫ് ഉദ്ഘാടനം ചെയ്യും. കർഷക പ്രതിനിധികളും വിവിധ ജനപ്രതിനിധികളും ബോർഡിലെ ഉയർന്ന ഉദ്യോഗസ്ഥരും പങ്കെടുക്കും.